**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര വികസന വകുപ്പ് മുഖേന നടത്തിയ പാൽ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മായം കലർന്ന പാലും പാലുല്പന്നങ്ങളും പിടിച്ചെടുത്ത് ലാബിൽ പരിശോധന നടത്തി നടപടിയെടുക്കാനുള്ള അധികാരം ക്ഷീര വികസന വകുപ്പിന് കൂടി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മായം കലർന്ന പാലും പാലുല്പന്നങ്ങളും പിടിച്ചെടുത്ത് ലാബിൽ പരിശോധന നടത്തി നടപടിയെടുക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിലെ ഉചിതരായ ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദീകരിക്കാമോ; | (ബി) | 1955 ലെ അവശ്യസാധന നിയമത്തിന് കീഴിൽ കേന്ദ്രസർക്കാർ 09/06/1992 ൽ വിജ്ഞാപനം ചെയ്ത മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ പ്രകാരം പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നതിനു ശേഷം 2011 മുതൽ പാൽ പരിശോധിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിനു നഷ്ടമായി.<br><br>നിലവിൽ ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസുകളിൽ ഫീൽഡ് സാമ്പിളുകളും, മാർക്കറ്റ് മിൽക്കും പരിശോധിച്ചുവരുന്നു. ചെക്ക്പോസ്റ്റ് ലാബുകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയോജിതമായി സാമ്പിൾ എടുത്ത് ലാബിൽ പ്രാഥമിക പരിശോധന നടത്തുന്നു. അതിർത്തി കടന്നു വരുന്ന പാൽ പരിശോധനകളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുന്ന പക്ഷം ക്ഷീരവികസന വകുപ്പിലെ ലാബുകൾക്ക് FSSAI അംഗീകാരം ഇല്ലാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ടി സാഹചര്യത്തിൽ സാമ്പിളുകൾ FSSAI അംഗീകാരം ഉള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധിക്കുന്നതിനായി ചുമതലപ്പെട്ട ഭക്ഷ്യസുരക്ഷാ |

ഉദ്യോഗസ്ഥർക്ക് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നു.

ക്ഷീരവികസന വകുപ്പിലെ ഉചിതരായ ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനുള്ള അധികാരം നൽകുന്ന വിഷയം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.07.2024 തീയതിയിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ചുവടെ ചേർക്കും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

- ക്ഷീരവികസന വകുപ്പിന്റെ 3 അതിർത്തി ചെക്ക് പോസ്റ്റിൽ നിന്നും പരിശോധനയ്ക്കായി പിടിച്ചെടുക്കുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവ കാലതാമസം ഒഴിവാക്കുന്നതിനായി തൽക്കാലം ക്ഷീരവികസന വകുപ്പിന്റെ ചെക്ക് പോസ്റ്റിലെ ലാബിൽ തന്നെ പരിശോധിക്കുന്നത് അഭികാമ്യം ആകും. അതിനായി ആരോഗ്യവകുപ്പിലെ അധികാരപ്പെട്ടവരുടെ സാന്നിദ്ധ്യം അവിടെ ഉറപ്പ് വരുത്തുക.
- ക്ഷീരവികസന വകുപ്പിൽ യോഗ്യരായ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവർക്ക് അധികാരം വിജ്ഞാപനം വഴി നൽകാൻ കഴിയുമോ എന്നത് സംബന്ധിച്ചും ക്ഷീര വികസന വകുപ്പ് ലാബിന്റെ പരിസര അതിർത്തി ഒരു local ഏരിയ മാത്രമായി അധികാരം വിജ്ഞാപനം ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ചും നിയമ വകുപ്പ് അടിയന്തിരമായി നിയമ വ്യാഖ്യാനം നടത്തി തീരുമാനിക്കേണ്ടതാണ്. ആയതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ക്ഷീരവികസന വകുപ്പ് സെക്രട്ടറിമാർ നിയമവകുപ്പ് സെക്രട്ടറിയുമായി ഒരു മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതാണ്.

മേൽ തീരുമാന പ്രകാരം 31.08.2024 തീയതി ക്ഷീരവികസന വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനം ചുവടെ ചേർക്കുന്നു.

- ക്ഷീരവികസന വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയവും ഫുഡ് സേഫ്റ്റി കമ്മീഷ്ണർക്ക് കീഴിലുള്ള ഉദ്യോഗസ്ഥനായി (whole time officer) നിയമിക്കുന്ന കാര്യത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുക.

| | | | |
|---|---|---|---|
| | | | • ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥനെ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് കീഴിലുള്ള ഉദ്യോഗസ്ഥനായി നിയമിച്ചു കൊണ്ടുള്ള കരട് വിജ്ഞാപനം നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ബഹു.വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ തുടർ നടപടിക്കായി ലഭ്യമാക്കുക.<br>• ക്ഷീരവികസന വകുപ്പിലെ യോഗ്യനായ ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയവും ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് കീഴിലുള്ള ഉദ്യോഗസ്ഥനായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുക.<br><br>മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ക്ഷീര വികസന വകുപ്പ് ഓണക്കാലത്ത് ഊർജ്ജിത പാൽ പരിശോധന നടത്തിയിരുന്നോ; വിശദമാക്കാമോ; | (സി) | ഓണക്കാലത്തെ ഊർജ്ജിത പാൽ പരിശോധനയുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും ഫുഡ് സേഫ്റ്റി ഓഫീസർമാരും സംയുക്തമായി ചെക്ക് പോസ്റ്റുകളിൽ 09.09.2024 തീയതി വൈകുന്നേരം 6 മണി മുതൽ 14.09.2024 അർദ്ധരാത്രി വരെ അതിർത്തി കടന്നെത്തുന്ന പാൽ സാമ്പിളുകൾ പരിശോധന നടത്തുകയും പരിശോധനയിൽ ശേഖരിച്ച 751 സാമ്പിളുകൾക്കും നിശ്ചിത ഗുണനിലവാരം ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ സബ്-സ്റ്റാൻഡേർഡ് മിൽക്ക്, ഭക്ഷ്യയോഗ്യമല്ലാത്ത പാലുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ? | (ഡി) | ഓണക്കാലത്തെ ഊർജ്ജിത പാൽ പരിശോധനയുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും ഫുഡ് സേഫ്റ്റി ഓഫീസർമാരും സംയുക്തമായി ചെക്ക് പോസ്റ്റുകളിൽ 09.09.2024 തീയതി വൈകുന്നേരം 6 മണി മുതൽ 14.09.2024 അർദ്ധരാത്രി വരെ അതിർത്തി കടന്നെത്തുന്ന പാൽ സാമ്പിളുകൾ പരിശോധന നടത്തുകയും പരിശോധനയിൽ ശേഖരിച്ച 751 സാമ്പിളുകൾക്കും നിശ്ചിത ഗുണനിലവാരം ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ